ശ്രീ. ആർ. ശങ്കർ: ഒരു കൊല്ലത്തിലധികം ഇരിക്കാൻ ഇടയുണ്ടെങ്കിൽ അങ്ങനെയുള്ളവരുടെ കാര്യം പരിശോധിക്കാം.

ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ: രണ്ട് സ്കൂളുകളിലായി ഫുൾടൈം ജോലിചെയ്യുന്ന ഒരു ടീച്ചർക്ക് രണ്ടുകൊല്ലമായിട്ടും ശമ്പളം കിട്ടിയിട്ടില്ലെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അക്കാര്യത്തിൽ വേണ്ട നടപടി എടുക്കുമോ?

ശ്രീ. ആർ. ശങ്കർ: ആർക്കെങ്കിലും അർഹിക്കുന്ന വിധത്തിലുള്ള ശമ്പളം കിട്ടുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപെടുത്തിയാൽ അടിയന്തിരമായും അതേപ്പറ്റി അന്വേഷിക്കാം.

റീ എംപ്ലോയിഡ് ടീച്ചർമാർ

* 622 [11] ശ്രീമതി ഒ. ടി. ശാരദാ കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. എം. എസ്. 332 എഡ്യുക്കേഷൻ ഡേറ്റഡ് 10.2.1962-ം ജി. ഒ. എം. എസ് 351 എഡ്യുക്കേഷൻ ഡേറ്റഡ് 29-5-1962-ം പ്രകാരം റീ എംപ്ലോയിഡ് ടീച്ചർമാരുടെ ശമ്പളം ഫിക്സ് ചെയ്യുകയും ഇൻക്രിമെൻറ് വാങ്ങാൻ അവരെ അനുവദിക്കുകയും ചെയ്തിട്ടുണ്ടോ?

(ബി) എന്നാൽ 7-11-1962-ലെ ഗവണ്മെൻറ് ലാറ്റർ പ്രകാരം ഈ ആനുകൂല്യങ്ങളൊക്കെ സർണർ സ്കൂളുകളിലെ റീ എംപ്ലോയിഡ് ടീച്ചർമാർക്ക് മാത്രമേ ബാധകമാക്കുകയുള്ളുവെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ?

(സി) അതിന്റെ ഫലമായി 55 വയസിൽ റിട്ടയർ ചെയ്യുന്ന സമയത്ത് 65-ം, 70-ം രൂപാ ശമ്പളം വാങ്ങിയിരുന്ന മലബാറിലെ റീഎംപ്ലോയിഡ് ടീച്ചർമാർക്ക് 40 രൂപ മാത്രമേ ശമ്പളം അനുവദിക്കാവൂ എന്നും ഇതുവരെ വാങ്ങിയ ഇംക്രിമെൻറെല്ലാം മടക്കി അടയ്ക്കണമെന്നും ഡി.ഈ.ഓ. മാർ കല്പന കൊടുത്തിട്ടുണ്ടോ;

(സി) എത്ര സ്കൂളുകളിലെ എത്ര റീ എംപ്ലോയിഡ് ടീച്ചർമാർക്ക് ഇതുകൊണ്ട് ക്ലേശം നേരിടുമെന്ന പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) 7-11-62-ലെ കല്പനപ്രകാരം 40-120 ശമ്പളം വാങ്ങുന്ന റീ എംപ്ലോയിഡ് പ്രൈമറി അദ്ധ്യാപകന്മാർക്ക് മാത്രമേ ഈ ആനുകൂല്യം ബാധകമാക്കുകയുള്ളു എന്നു് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഈ നിർദ്ദേശം പിന്നീട് ഭേദഗതി ചെയ്തുകൊണ്ടുള്ള കല്പന 2-3-1964-ൽ ഗവണ്മെൻറിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 55 വരെയുള്ള സർവീസിനു് എന്തെങ്കിലും പെൻഷൻ ആനുകൂല്യം ലഭിക്കുന്ന റീ എംപ്ലോയിഡ് അദ്ധ്യാപകർക്കു മാത്രമാണു് ഇൻക്രിമെൻറ് കൊടുക്കാത്തതു്. തെറ്റായി ചില ഡി.ഈ.ഓ. മാർ അവർക്കും ഇൻക്രിമെൻറ് കൊടുത്തു. അങ്ങിനെയുള്ള തുക തിരിച്ചടുപ്പിക്കാൻ ഡി.പി.ഐ. ആർഡർ കൊടുത്തിട്ടുണ്ട്. അവരുടെ അടിസ്ഥാന ശമ്പളം 40 രൂപയാക്കി കാച്ചിട്ടില്ല. 55 വയസ്സിൽ കിട്ടിയിരുന്ന ശമ്പളം കൊടുക്കുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ: ഗവണ്മെൻറ് ഉത്തരവു് ഡി. ഈ. ഓ. തെറ്റായി വ്യാഖ്യാനിച്ചു് ചില വിദ്യാഭ്യാസ ജില്ലയിൽ ഇംക്രിമെൻറ് കൊടുക്കുകയും, കൊടുത്തതു് മടക്കിക്കൊടുക്കാൻ ഉത്തരവാകുകയും ചെയ്യുന്നതു് തടഞ്ഞു നിറുത്തൽചെയ്യാൻ ദയവായി നടപടി എടുക്കുമോ?

ശ്രീ. ആർ. ശങ്കർ: കല്പന തെറ്റായി വ്യാഖ്യാനിച്ചു് ചില ഡിസ്ട്രിക്റ്റ് ആഫീസറന്മാർ ഇൻക്രിമെൻറ് കൊടുത്തതാണു്. അങ്ങനെ കൊടുക്കാനിടയായതുകൊണ്ട് മടക്കി വാങ്ങുകയല്ലാതെ വേറെ നിവൃത്തി ഇല്ലാത്തതുകൊണ്ടാണു് ഉത്തരവു പുറപ്പെടുവിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: റീ എംപ്ലോയിഡ് ടീച്ചേഴ്സിന്റെ ശമ്പള വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം 2-3-64-ൽ ഉത്തരവു പുറപ്പെട്ടുവിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ ഉത്തരവിന്റെ അവളിച്ചത്തിൽ റീ എംപ്ലോയിഡ് ടീച്ചേഴ്സിനു് ഇംക്രിമെന്റും, മറ്റാനുകൂല്യങ്ങളും ലഭിക്കുമെന്നാണോ പ്രതീക്ഷിക്കേണ്ടതു്; അതല്ല ഇങ്ങനെ കൊടുത്ത തുക മടക്കി അടയ്ക്കണമെന്നുള്ള സ്ഥിതി വന്നുചേരുമോ? അതൊന്നു വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. ആർ. ശങ്കർ: പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിക്കാത്ത ആളുകളെ സംബന്ധിച്ചുള്ളതാണു്, ബീ-ൽ ഉത്തരമായി പറഞ്ഞതു്. ഇടയ്ക്കു് 7-11-62-ലെ ഉത്തരവു മാറ്റി 2-3-64-ൽ പുതിയ ഉത്തരവു് ഉണ്ടായിട്ടുണ്ടെന്നു് പറഞ്ഞു. 2-3-64-ൽ ഉണ്ടായിട്ടുള്ള ഉത്തരവിനു് മുൻകൂട്ടിയുള്ള പ്രാബല്യം ഉണ്ടായിരിക്കുന്നതാണു്.

ശ്രീ. എം നാരായണക്കുറുപ്പ്: ഡി. ഇ. ഒ. മാർ തെറ്റായ വ്യാഖ്യാനം കൊടുത്തതുകൊണ്ടു് കൊടുത്തപണം മടക്കിവാങ്ങാതെ നിവൃത്തിയില്ലെന്നു പറഞ്ഞു. ഇങ്ങനെ രണ്ടായിരവും മൂവായിരവും ഉറുപ്പിക മടക്കി വാങ്ങാൻ കൊച്ചിൻപ്രദേശത്തെ അദ്ധ്യാപകരെ സംബന്ധിച്ചു് ഒരു കല്പന പാസ്സാക്കി അതു് നിറുത്തിവച്ചിട്ടുണ്ടെന്നാണു് ഓർമ്മ. ഇക്കാര്യം പുനഃപരിശോധനചെയ്തു ആക്ഷേപം കേട്ടു തീരുമാനത്തുവരെ മടക്കി വാങ്ങുന്ന കൽപ്പനയുടെ പ്രവർത്തനം നിറുത്തിവയ്ക്കാൻ ഗവണ്മെന്റു് തയ്യാറാകുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെയുള്ള കേസില്ല. ഇത്ര വലിയ തുകയും വരുകയില്ല. ഡി.ഇ.ഒ. മാർ നൽകിയ തെറ്റായ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഏതാനും ഇൻക്രിമെന്റുകൾമാത്രം കൊടുത്ത കേസുകളേയുള്ളു. അതു് വലിയ തുക വരുന്ന കേസുകളുമല്ല. വളരെ കഠിനമായി സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നതാണെന്നു ബോദ്ധ്യമായാൽ അതേപ്പറ്റി അന്വേഷിക്കാം.

സ്റ്റാറ്റം ഇൻഡസ്ട്രീസ് കോർപ്പറേഷൻ

* 623. [12] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റു് സ്റ്റാറ്റം ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നു സംസ്ഥാപിതമായി;

(ബി) വ്യാവസായിക വികസനത്തിനു് ടി കോർപ്പറേഷൻ നാളതുവരെ ചെയ്തിട്ടുള്ള സേവനങ്ങൾ എന്തെല്ലാം?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 1961 ജൂലൈ മാസത്തിൽ.

(ബി) വിവരങ്ങൾ അടങ്ങിയ നോട്ടു് മേശപ്പുറത്തു് വച്ചിരിക്കുന്നു. ‡

ശ്രീ. എൻ. ഭാസ്കരൻനായർ: ഈ കോർപ്പറേഷനിൽ നടത്തിയ നിയമനങ്ങൾ വെളിയിൽനിന്നു് ആളുകളെ വയ്ക്കുകയായിരുന്നുവോ, അതോ സർവ്വീസിലുള്ള ആളുകൾക്കു് പ്രമോഷൻ കൊടുത്തു് നിയമിക്കുകയായിരുന്നുവോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇപ്പോൾ കുറെയൊക്കെ വെളിയിൽ നിന്നു് ആളുകളെ എടുക്കുന്നുണ്ടു്. കുറെപ്പേരെ ഡിപ്പാർട്ടുമെന്റിൽനിന്നും എടുക്കുന്നുണ്ടു്.

ശ്രീ. കെ. ഹസൻഗനി: സ്റ്റാറ്റം ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചില വ്യവസായങ്ങൾ തുടങ്ങുമ്പോൾ അവയ്ക്കു ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണു്; ആ ആനുകൂല്യങ്ങൾ ഇന്നു് സ്റ്റാറ്റം ഇൻഡസ്ട്രീസ് വിഭാഗത്തിൽ വന്നിട്ടുള്ള എല്ലാവർക്കും ചെയ്തു കൊടുക്കാൻ കോർപ്പറേഷനെകൊണ്ടു് സാദ്ധ്യമാകുമോ?

‡ Appendix II

LIBRARY ARCHIVES Kerala Legislative Assembly